പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-2041 22-03-2012-ൽ മറുപടിക്ക്

## നിയമങ്ങൾ കാലോചിതമാക്കാൻ നടപടി

ചോദ്യം | ഉത്തരം

ശ്രീ. എം. ഹംസ | ശ്രീ.കെ.എം. മാണി (ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | നിലവിലുള്ള നിയമങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനായി നിയോഗിക്കപ്പെട്ട ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ ചെയർമാനായിട്ടുള്ള കമ്മീഷന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | 17-11-2007-ലെ ജി.ഒ(എം.എസ്) നം.253/07/നിയമം പ്രകാരം രൂപീകരിച്ചിട്ടുള്ള ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ ചെയർമാനായ നിയമ പരിഷ്ക്കരണ കമ്മീഷൻ 26/1/2009-ന് മുൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. |
| (ബി) | ഇതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത്; ഓരോന്നും വ്യക്തമാക്കാമോ; | കമ്മീഷന്റെ പ്രവർത്തനത്തിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിരുന്നു. 01/12/2007-ാം തീയതിയിലെ ജി.ഒ (എം.എസ്) നം.260/07/നിയമം പ്രകാരം അഞ്ചു ലക്ഷം രൂപ ഇൻസിഡന്റൽ എക്സ്പൻസായി നൽകി. 25-3-2008- ാം തീയതിയിലെ ജി.ഒ(ആർ.റ്റി) നം.306/08/ നിയമം പ്രകാരം കമ്മീഷനിൽ രണ്ടു റിസർച്ച് സ്കോളേഴ്സിനെ വയ്ക്കാൻ ഉത്തരവ് നൽകി. കൂടാതെ കമ്മീഷനെ സഹായിക്കുന്നതിനായി 23-11-2007-ാം തീയതിയിലെ ജി.ഒ(എം.എസ്) നം.1103/07/ നിയമം, 14-12-2007-ാം തീയതിയിലെ |

| | | |
|---|---|---|
| | | ജി.ഒ(എം.എസ്) നം.1181/07/ നിയമം, 26-12-2007-ാം തീയതിയിലെ ജി.ഒ(എം.എസ്) നം.1210/07/ നിയമം, 29-1-2008-ാം തീയതിയിലെ ജി.ഒ (എം.എസ്) നം.104/08/ നിയമം എന്നീ ഉത്തരവുകൾ പ്രകാരം ഹോണററി അസിസ്റ്റന്റുമാരെ നിയമിച്ചു. 31/3/2010-ാം തീയതിയിലെ ജി.ഒ(എം.എസ്) നം.62/ 10/നിയമം പ്രകാരം കമ്മീഷൻ റിപ്പോർട്ട് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ക്യാബിനറ്റ് സബ്കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. അടിയന്തിരമായി നടപ്പിലാക്കേണ്ടതാണെന്ന് ക്യാബിനറ്റ് സബ് കമ്മിറ്റി ശുപാർശ ചെയ്യുതും മന്ത്രിസഭ അംഗീകരിച്ചതുമായ റിപ്പോർട്ടിൽ ഉൾപ്പെട്ട ബില്ലുകൾ അനന്തര നടപടികൾക്കായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് അയച്ചു കൊടുത്തിട്ടുള്ളതുമാകുന്നു. |
| (സി) | ഇത് എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | കമ്മീഷൻ അതിന്റെ പ്രവർത്തനം പൂർത്തീകരിച്ച് 26/1/2009-ന് മുൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. |
| (ഡി) | സംസ്ഥാനവുമായി ബന്ധപ്പെട്ട നിയമങ്ങൾ മലയാള ഭാഷയിലേക്ക് തർജ്ജമ ചെയ്യുമോ; | സംസ്ഥാനവുമായി ബന്ധപ്പെട്ട നിയമങ്ങൾ മലയാള ഭാഷയിലേയ്ക്ക് തർജ്ജമ ചെയ്യുന്നതാണ്. സംസ്ഥാനവുമായി ബന്ധപ്പെട്ട കേന്ദ്ര നിയമങ്ങൾ കേരളാ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷനിൽ മലയാള ഭാഷയിലേക്ക് തർജ്ജമ ചെയ്തു വരുന്നു. |
| (ഇ) | മലയാള ഭാഷയിൽ ലഭ്യമല്ലാത്ത നിയമങ്ങൾ ഏതെല്ലാം; | ഇത് സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനായി "നിയമ (ഔദ്യോഗിക ഭാഷാ-പ്രസിദ്ധീകരണ സെൽ) വകുപ്പ്" എന്ന |

| | | |
|---|---|---|
| | | പേരിൽ നിയമവകുപ്പിൽ രൂപീകരിച്ചിട്ടുള്ള പുതിയ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളാ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ കേന്ദ്ര നിയമ-നീതിന്യായ മന്ത്രാലയത്തിന്റെ അംഗീകാരത്തോടുകൂടി ഇതുവരെ 241 കേന്ദ്ര ആക്ടുകളുടെ മലയാള പരിഭാഷകൾ പുസ്തകരൂപത്തിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത നിയമങ്ങൾ മാതൃഭാഷയിൽ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ ? | നിയമങ്ങൾ മാതൃഭാഷയിൽ ലഭ്യമാക്കുന്നതിനായി മേൽ പ്രസ്താവിച്ച ഒരു പ്രത്യേക വകുപ്പ് നിയമവകുപ്പിൽ 02-03-2012-ലെ ഉത്തരവു പ്രകാരം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, കേന്ദ്ര നിയമങ്ങൾ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്യുന്നതിനായി നിയമവകുപ്പിന്റെ കീഴിൽ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത കമ്മീഷൻ കേന്ദ്ര ഔദ്യോഗിക ഭാഷാ വിഭാഗത്തിൽ നിന്നും അയച്ചു തരുന്ന മുൻഗണനാ ലിസ്റ്റിൽ ഉൾ പ്പെടുത്തിയിട്ടുള്ള ക്രമത്തിൽ കേന്ദ്ര ആക്ടുകൾ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത് ബഹു.ഭാരതസർക്കാരിന്റെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**